**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 45** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>ഓപ്പറേഷൻ ഡി-ഹണ്ട് രണ്ടാം ഘട്ടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സുധീർഷാ പാലോട് ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. ചാണ്ടി ഉമ്മൻ (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

**(എ)** ഓപ്പറേഷൻ ഡി-ഹണ്ട് വിജയകരമായി നടപ്പാക്കിയതിന്റെ ഭാഗമായി ഇതിന്റെ രണ്ടാം ഘട്ട പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** തീരുമാനിച്ചിട്ടുണ്ട്.

2026 സെപ്റ്റംബർ 28-ന് മലപ്പുറം ജില്ലയിലെ വേങ്ങരയിൽ വെച്ച് ഓപ്പറേഷൻ ഡി-ഹണ്ട് രണ്ടാം ഘട്ടം പദ്ധതിയുടെ ഔദ്യോഗിക സംസ്ഥാനതല ഉദ്ഘാടനം ആഭ്യന്തരമന്ത്രി നിർവ്വഹിച്ചിട്ടുള്ളതാണ്.

ഓപ്പറേഷൻ ഡി-ഹണ്ട് രണ്ടാം ഘട്ടം എന്നത് ആദ്യഘട്ടത്തിലെ ലഹരിവിരുദ്ധ നിയമനടപടികളും എൻഫോഴ്സ്മെന്റും കൂടുതൽ വിപുലീകരിച്ച് പ്രതിരോധം, മുൻകൂട്ടിയുള്ള ഇടപെടൽ, ചികിത്സ, പുനരധിവാസം, സാമൂഹിക പുനഃസംയോജനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ജനകീയ കേന്ദ്രീകൃത പ്രവർത്തനമാണ്.

**(ബി)** പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഡി-ഹണ്ട് 2.0 തദ്ദേശം എന്നത് മയക്കുമരുന്ന് മാഫിയക്കെതിരെയുള്ള കേരള സർക്കാരിന്റെ പ്രമുഖ ബോധവൽക്കരണ-പ്രതിരോധ ദൗത്യ മായ 'ഓപ്പറേഷൻ ഡി-ഹണ്ട്' (Operation Toofan)-ന്റെ രണ്ടാം ഘട്ടമാണ്.

പോലീസ് സേനയുടെ മാത്രം നടപടികളിൽ ഒതുക്കാതെ, ലഹരിക്കെതിരെയുള്ള പോരാട്ടം ഓരോ തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കും വീടുകളിലേക്കും വ്യാപിപ്പിക്കുക എന്നതാണ് 'ഡി-ഹണ്ട് തദ്ദേശം' എന്ന രണ്ടാം ഘട്ടത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി ആഭ്യന്തര വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് പ്രവർത്തിക്കുന്നത്.

**<u>പ്രധാന ലക്ഷ്യങ്ങളും സവിശേഷതകളും</u>**

<u>ജനകീയ പങ്കാളിത്തം (ഡി-ഹണ്ട് സമിതികൾ):-</u> തദ്ദേശസ്ഥാപനങ്ങൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, ഹരിത കർമ്മ സേന എന്നിവയുടെ സഹകരണത്തോടെ ഓരോ വാർഡിലും

'ടൂഫാൻ ജനജാഗ്രതാ സമിതികൾ' രൂപീകരിക്കുകയും 'ടൂഫാൻ ഗ്രാമസഭകൾ' വിളിച്ചുചേർക്കുകയും ചെയ്യും.

<u>ടൂഫാൻ വാരിയേഴ്സ് (Toofan Warriors):-</u> ജനപ്രതിനിധികൾ, തദ്ദേശ സ്ഥാപന അധ്യക്ഷന്മാർ, പൊതുജനങ്ങൾ എന്നിവരെയെല്ലാം ലഹരിവിരുദ്ധ പോരാട്ടത്തിന്റെ ഭാഗമാക്കി 'ടൂഫാൻ വാരിയേഴ്സ്' ആയി പ്രഖ്യാപിക്കുന്നു.

<u>ക്യാമ്പസുകളിലെ നിരീക്ഷണം:-</u>വിദ്യാലയങ്ങളിലും കോളേജ് ക്യാമ്പസുകളിലും ലഹരി വിരുദ്ധ പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ സി.സി.ടി.വി (CCTV) ക്യാമറകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നു.

<u>ടൂഫാൻ മെന്റർ (Toofan Mentor):-</u> ലഹരിവിമോചന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ പോലീസ് സ്റ്റേഷനിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ട് പോലീസുകാർക്ക് പ്രത്യേക പരിശീലനം നൽകുന്നു.

ചുരുക്കത്തിൽ, ലഹരിയുടെ വിതരണ ശൃംഖല തകർക്കുന്നതിനൊപ്പം പ്രാദേശിക കൂട്ടായ്മകളിലൂടെ ലഹരി ഉപയോഗം പ്രാരംഭ ഘട്ടത്തിൽ തന്നെ തടയുകയും ബാധിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരികെ കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം

**(സി)** ഓപ്പറേഷൻ ടൂഫാൻ നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങളും അക്രമ സംഭവങ്ങളും കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഓപ്പറേഷൻ ടൂഫാൻ നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങളും അക്രമ സംഭവങ്ങളും കുറഞ്ഞതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. കുറ്റകൃത്യങ്ങളുടെയും അക്രമ സംഭവങ്ങളുടെയും കണക്കുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

| ഓപ്പറേഷൻ തൂഫാൻ നടപ്പിലാക്കിയതിന് മുൻപും ശേഷവും സംസ്ഥാനത്തുണ്ടായ കുറ്റകൃത്യങ്ങളുടെ താരതമ്യ പട്ടിക | | | |
|---|---|---|---|
| **Sl No.** | **Cases** | **Jan to May 2026** | **June to Aug 2026** |
| 1. | Murder Cases | 124 | 64 |
| 2. | Cases under 109 BNS | 419 | 179 |
| 3. | Cases under 110 BNS | 1350 | 738 |
| 4. | Grievous Hurt | 1247 | 595 |
| 5. | Robbery | 209 | 137 |
| 6. | Dacoity | 24 | 15 |
| 7. | Accident Cases | 23037 | 13481 |
| 8. | Accident Death Cases | 1789 | 569 |
| 9. | Accident Grievous Injury Cases | 18665 | 7662 |
| 10. | Accident Minor Injury Cases | 7734 | 5250 |